**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3308** **15-02-2024 - ൽ മറുപടിയ്ക്ക്**

**ഏനാന്തി പാലത്തിന്റെ പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ നിയേജകമണ്ഡലത്തിലെ ഏനാന്തി പാലത്തിന്റെ പുനർനിർമ്മാണം സംബന്ധിച്ച ഫയൽ ഇപ്പോൾ ഏത് കാര്യാലയത്തിലാണ് ഉള്ളതെന്ന് അറിയിക്കാമോ; ടി പാലത്തിന്റെ സാങ്കേതികാനുമതി എന്നത്തേക്ക് ലഭ്യമാകുമെന്നും ടെൻഡർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാനാകുമെന്നും അറിയിക്കാമോ; വിശദമാക്കാമോ; | (എ) | നിലമ്പൂർ നിയോജക മണ്ഡലത്തിലെ ഏനാന്തി പാലത്തിന്റെ പുനർ നിർമ്മാണത്തിനായി സാങ്കേതികാനുമതി നൽകുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | നിലമ്പൂർ നിയോജകമണ്ഡലത്തിലെ അമ്പിട്ടാൻപൊട്ടി ശാന്തിഗ്രാമിലെ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ഫയൽ ഏത് കാര്യാലയത്തിലാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത പാലം നിർമ്മാണത്തിന് സർക്കാരിന്റെ അനുമതി എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ; | (ബി) | സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽ (CRIF) (Setu Bandhan) ഉൾപ്പെട്ടു വരുന്ന പാലമായതിനാൽ ദേശീയപാത വിഭാഗമാണ് ഈ പ്രവൃത്തി നടപ്പിലാക്കേണ്ടത്. പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന വിഷയം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |
| (സി) | വഴിക്കടവ് പുഞ്ചക്കൊല്ലി അളക്കൽ പട്ടികവർഗ്ഗ കോളനിയിലേക്കുള്ള പാലം 2019 ലെ പ്രളയത്തിൽ തകർന്നുപോയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ടി ഇരുമ്പുപാലത്തിന് പകരം നിർമ്മിക്കുന്ന പുതിയ പാലത്തിന്റെ നിർമ്മാണം സംബന്ധിച്ച നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത പുതിയ പാലത്തിന്റെ നിർമ്മാണത്തിന് കണക്കാക്കുന്ന എസ്റ്റിമേറ്റ് തുക എത്രയാണെന്നും അറിയിക്കുമോ; | (സി) | വഴിക്കടവ് പുഞ്ചക്കൊല്ലി അളക്കൽ പട്ടികവർഗ്ഗ കോളനിയിലേക്കുള്ള പാലം പുനർ നിർമ്മിക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി തുടങ്ങിയെങ്കിലും മേൽ ഭാഗത്ത് ബോൾടറുകൾ ഉള്ളതിനാൽ ബോറിംഗ് പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യമാണ്. അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | മലപ്പുറം ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ പാലങ്ങൾ വിഭാഗത്തിന് മതിയായ സെക്ഷൻ ഓഫീസുകളോ ഉദ്യോഗസ്ഥരോ ഇല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലമ്പൂർ കേന്ദ്രമാക്കി പൊതുമരാമത്ത് പാലങ്ങൾ വിഭാഗം കാര്യാലയം സ്ഥാപിക്കുവാൻ സർക്കാർ തയാറാകുമോ; വിശദമാക്കാമോ? | (ഡി) | പൊതുമരാമത്ത് വകുപ്പിന്റെ ശാക്തീകരണം സംബന്ധിച്ച് ഒരു പ്രവൃത്തി പഠനം നടത്തുവാൻ ഐ.എം.ജി-യെ ചുമതലപ്പെടുത്തിയിരുന്നു. മലപ്പുറം ജില്ലയിൽ പുതുതായി പൊതുമരാമത്ത് വകുപ്പിന്റെ വിവിധ ഓഫീസുകൾ രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. സാമാജികർ നൽകിയ നിവേദനങ്ങൾ പ്രസ്തുത പ്രവൃത്തി പഠനത്തിനായി |

| | | | |
|---|---|---|---|
| | | | ഐ.എം.ജി-യ്ക്ക് കൈമാറി നൽകിയിരുന്നു. ഐ.എം.ജി റിപ്പോർട്ട് സർക്കാരിൽ പരിശോധിച്ചു വരുന്നു. അത് പൂർത്തിയാകുന്ന മുറയ്ക്ക് വകുപ്പിൽ പുതിയ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ